# ധാത്രിയുടെ വിലാപം

'അരുതേ', കൊല്ലരുതേ, അവൾ കേണപേക്ഷിച്ചു. 'എന്റെ മടിത്തട്ടിലെ കുഞ്ഞുങ്ങളെ ഒന്നും ചെയ്യരുതേ' അവൾ അലമുറയിട്ടു കരഞ്ഞു. പക്ഷേ ആരും കേട്ടില്ല വീണ്ടും വീണ്ടും അവളോടു ക്രൂരത കാണിക്കുകയാണ്. അവളുടെ ഓരോ കരച്ചിലും കണ്ടവർ അട്ടഹസിച്ച് ചിരിക്കുകയാണ്. അവരുടെ ക്രൂരവിനോദത്തിൽ അകപ്പെട്ട് അവൾ നീറി നീറി കഴിയുകയാണ്. അവൾ ചിന്തിക്കുകയാണ് എന്തെല്ലാം എനിക്ക് നഷ്ടപ്പെട്ടു. നല്ല കാറ്റില്ല, പക്ഷികളുടെ കളമൊഴി കേൾക്കാനില്ല, അരുവികളുടെ കളകളാരവം ഇല്ല, എന്റെ മടിത്തട്ടിലൂടെ സമൃദ്ധമായി ഒഴുകിയിരുന്ന പുഴകളെല്ലാം വറ്റിവരണ്ടു. പലതും മാലിന്യങ്ങൾ കൊണ്ടു നിറഞ്ഞു ഹരിതാഭമമായി നിറഞ്ഞു നിന്നിരുന്ന വയലോലകൾ കാണാനില്ല. എന്തിനേറെ നല്ല പൂക്കൾ പോലും കാണുന്നില്ല. നശിപ്പിക്കട്ടെ, അവർ എല്ലാം നശിപ്പിക്കട്ടെ. ഇതിനെല്ലാം ഒരിക്കൽ അവർ പശ്ചാത്തപിക്കേണ്ടിവരും. എന്റെ ഹൃദയ വേദന കാണാൻ കുറച്ചാൾക്കാർ വന്നു. മഹത്‌വ്യക്തികളായ ഒ.എൻ.വി.കുറിപ്പും, ശ്രീമതി.സുഗതകുമാരിയും, അയ്യപ്പപണിക്കരും, കടമ്മനിട്ടയുമെല്ലാം. വേദനയോടെ പലതും കുറിച്ചു. എനിക്കുണ്ടാകുന്ന ദോഷങ്ങളുടെ പ്രത്യാഘാതങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ അവർ ശ്രമിച്ചു. പക്ഷേ, എനിക്കുണ്ടാകുന്ന ആഘാതങ്ങൾ കൂടി കൂടി വരികയാണ്. ഹേ മനുഷ്യ, നീ കാണിക്കുന്നതിന്റെയെല്ലാ പ്രത്യാഘാതങ്ങൾ ഉണ്ടാകും. അവളുടെ ആ ശാപം അറംപറ്റി! ഇപ്പോൾ ഇതാ കൊറോണയുടെ രൂപത്തിൽ നമ്മളിൽ വന്ന് ആടിതിമിർക്കുന്നു. 'അല്ലയോ, ധാത്രി നിന്റെ വേദനയുടെ ഫലം ഇന്ന് ഞങ്ങൾ അറിയുന്നു. ഇത്രയേറെ നിന്നെ വേദനിപ്പിച്ചതിന് ക്ഷമിക്കുക ഭാരതാംബേ ക്ഷമിക്കുക' !


**നവമിക.എസ്**

Std : V^th

NSS EMHS Dhanuvachapuram